(ഡി) കൂടുതൽ ലോട്ടറി ആരംഭിക്കുന്ന വിഷയം കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല.

(ഇ) കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

കാരുണ്യ ബെനവലന്റ് ഫണ്ട്

246(586) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് നാളിതുവരെ ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ ലഭിച്ച വരുമാനം എത്ര കോടി രൂപയാണ്; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) എത്ര രോഗികൾക്ക് പ്രസ്തുത തുകയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചു ; വിശദവിവരം ലഭ്യമാക്കുമോ ;

(സി) ആകെ അനുവദിച്ച തുക എത്രയാണ്;

(ഡി) സംസ്ഥാനത്തെ ഓരോ ആശുപത്രിക്കും ഇതുവരെ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ഭാഗ്യക്കുറികളിൽ കാരുണ്യ, കാരുണ്യ പ്ലസ് എന്നീ രണ്ട് ഭാഗ്യക്കുറികളുടെ ലാഭമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നത്. കാരുണ്യ ഭാഗ്യക്കുറിയിൽ നിന്ന് 362.94 കോടി രൂപയും, കാരുണ്യപ്ലസ് ഭാഗ്യക്കുറിയിൽ നിന്ന് 78.39 കോടി രൂപയും ഇതുവരെ ലഭിച്ചിട്ടുണ്ട്. (ആകെ 441.33 കോടി രൂപ) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ ശീർഷകത്തിലേയ്ക്ക് 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 വരെ ബഡ്ജറ്റ് പ്രൊവിഷനായി ലഭിച്ച 475 കോടി രൂപയിൽ, 422 കോടി രൂപ വകുപ്പിൽ നിന്നും കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്.

(ബി) 13-11-2014 വരെ 48053 രോഗികൾക്ക് 527.27 കോടി രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ ഒറ്റതവണ ചികിത്സാ ധനസഹായമായി 15234 രോഗികൾക്കായി 4,57,02,000-രൂപ അനുവദിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 531.84 കോടി രൂപ 15-ാം സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽവരെ അംഗീകരിച്ച 527 കോടി രൂപയും ഒറ്റതവണ ചികിത്സയ്ക്കായി അനുവദിച്ച 4.57 കോടി രൂപയും അടക്കം.

(ഡി) വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. *

കാരുണ്യ ബെനവലന്റ് ഫണ്ട്

247(587) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഏതെല്ലാം അസുഖങ്ങൾക്കു വേണ്ടിയാണ് ചികിത്സാ ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും ഇതേവരെ അനുവദിച്ച ചികിത്സാ സഹായത്തിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) മേജർ ശസ്ത്രക്രീയകൾക്കും ക്യാൻസർ രോഗ ചികിത്സകൾക്കും അല്ലാതെ മറ്റേതെങ്കിലും രോഗങ്ങൾക്ക് ഈ പദ്ധതിയിൽ നിന്നും ധനസഹായം അനുവദിക്കുന്നുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) അത്തരത്തിലുള്ള ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ക്യാൻസർ ഹൃദ്രോഗം വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പടെയുള്ള ചികത്സ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശരോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്ക് സംഭവിക്കുന്ന മാരകമായ രോഗങ്ങൾ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകി വരുന്നത്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, കരൾ എന്നിവയുള്ള സർജറി ഉൾപ്പടെയുള്ള ചികിത്സ, പാലിയേറ്റീവ് കെയർ, ഗുരുതരമായ ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി എന്നിവയ്ക്കും ധനസഹായം നൽകി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly